ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ശ്രീ.ബി.ടി.വി.കൃഷ്ണൻ, ബി.ടെക്)

**ഉത്തരവ് നം. ബി1/37939/2020/സിഇ   തീയതി. 22/12/2020**

വിഷയം : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് -ജീവനക്കാര്യം - ഹെഡ് ക്ലർക്ക് ശ്രീമതി.വി.ശ്രീരഞ്ജിനിയെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നീണ്ടകര സബ് ഡിവിഷനിൽ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം : ഹെഡ് ക്ലർക്ക് ശ്രീമതി.വി.ശ്രീരഞ്ജിനിയുടെ 10/12/2020 തീയതിയിലെ അപേക്ഷ.

ഹാർബർ എഞ്ചിനീയറിംഗ് മലപ്പുറം ഡിവിഷൻ കാര്യാലയത്തിലെ ഹെഡ് ക്ലർക്ക് ശ്രീമതി.ശ്രീരഞ്ജിനി.വി, ടിയാൾക്ക് വകുപ്പിന്റെ കൊല്ലം ജില്ലയിലെ ഏതെങ്കിലും കാര്യാലയത്തിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശ പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ഹാർബർ എഞ്ചിനീയറിംഗ് നീണ്ടകര സബ് ഡിവിഷനിൽ ഒരു സൂപ്പർവൈസറി തസ്തികയിലുള്ള ജീവനക്കാരന്റെ / ജീവനക്കാരിയുടെ സേവനം ആവശ്യമായ സാഹചര്യം നിലനിൽക്കുന്നതിനാൽ ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് മലപ്പുറം ഡിവിഷൻ കാര്യാലയത്തിലെ ഹെഡ്ക്ലർക്ക് ശ്രീമതി.ശ്രീരഞ്ജിനി.വിയെ ജോലിക്രമീകരണ വ്യവസ്ഥയിൽ 6 മാസത്തേയ്ക്ക് നീണ്ടകര സബ്ഡിവിഷൻ കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. നീണ്ടകര സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഹാജർ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാൾക്ക് മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ശമ്പളം നൽകേണ്ടതാണ്.

(ഒപ്പ്)
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീമതി.ശ്രീരഞ്ജിനി.വി, ഹെഡ് ക്ലർക്ക് (ആഫീസ് മേധാവി മുഖേന)

പകർപ്പ് :
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഉത്തര മേഖല.
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, മലപ്പുറം / കൊല്ലം.
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് സബ് ഡിവിഷൻ, നീണ്ടകര
4. വെബ് സൈറ്റിലേയ്ക്ക്.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

14/Sh